"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തടുക്കശേരി സർവീസ് സഹകരണ ബാങ്കിന് കീഴിലുള്ള കേരളശ്രീ ആയുർവേദിക്സിന് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യാനുള്ള അനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1726/2024/LSGD തീയതി,തിരുവനന്തപുരം, 19-09-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.674/2023/LSGD; തീയതി 21.03.2023
3. തടുക്കശേരി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 06.03.2024ലെ കത്ത്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 4.2

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ, ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ആയുർവേദ മരുന്നുകൾ വാങ്ങി വിതരണം ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ തടുക്കശേരി സർവീസ് സഹകരണ ബാങ്കിന് കീഴിലുള്ള കേരളശ്രീ ആയുർവേദിക്സിന് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യാൻ പരാമർശം 2 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 13/03/2024 വരെയാണ് മേൽ അനുമതിക്ക് പ്രാബല്യമുണ്ടായിരുന്നത്.

2. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദ) മതിയായ പരിശോധനക്ക് ശേഷം സ്ഥാപനത്തിന്റെ ഔഷധ നിർമ്മാണ ലൈസൻസ് 14/03/2024 മുതൽ വൺ ടൈം റിറ്റെൻഷൻ പ്രകാരം പുതുക്കി നൽകിയിട്ടുണ്ട് എന്നും അത് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ പ്രോജക്ട് മുഖാന്തിരം മരുന്ന് വിതരണം ചെയ്യുന്നതിന് കേരളശ്രീ ആയുർവേദിക്സിന് അടുത്ത 5 വർഷത്തേക്ക് കൂടി അനുമതി പുതുക്കി നൽകണമെന്നും തടുക്കശേരി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളശ്രീ ആയുർവേദിക്സ് എന്ന സ്ഥാപനത്തിന് ലോൺ ലൈസൻസിൽ

ഔഷധം നിർമ്മിച്ച് നൽകുന്നത് വള്ളുവനാട് ആയുർവേദ ഓഷധശാല എന്ന സ്ഥാപനമാണെന്നത് ഡ്രഗ്സ് കൺട്രോളറുടെ ലൈസൻസിൽ വ്യക്തമാക്കിയിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 02.03.2024-ലെ ML3.323/2024/DC നമ്പർ Form 25-E പ്രകാരം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദ) & ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് നൽകിയിട്ടുള്ളതും, സ്ഥാപനം സ്വന്തമായി ഉല്പാദിപ്പിക്കുന്നവയുമായ ആയുർവേദ ഔഷധങ്ങൾ നിലവിൽ പ്രാബല്യത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും, വകുപ്പിൽ പ്രാബല്യത്തിലുള്ള വിലയിൽ അധികരിക്കരുതെന്നും, ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായും വാങ്ങുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്, 17/07/2024 മുതൽ **16.07.2026** വരെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്, തടുക്കശേരി സർവീസ് സഹകരണ ബാങ്ക്, കേരളശ്ശേരി പി.ഒ - 678641
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-09-2024 15:29:29

സെക്ഷൻ ഓഫീസർ

പകർപ്പ്:-1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്